(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന ആസൂത്രണ ബോർഡിൽനിന്നും മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

പദ്ധതികൾ കാര്യക്ഷമമായി ജനങ്ങൾക്ക് ഏറ്റവും പ്രയോജനപ്രദമായി നടപ്പിലാക്കുക, സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾ മുൻകൂട്ടികണ്ട് അവ കൈവരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക, അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വകുപ്പ് അടിസ്ഥാനത്തിലല്ല ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. എല്ലാ വകുപ്പുകളുടെ പദ്ധതികളും ഇതിൽ ഉൾപ്പെടും.

(ഡി) ഇത് സംബന്ധിച്ച വിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

മിഷൻ 676 വഴി നടപ്പാക്കുന്ന പദ്ധതികൾ

58 (1426) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ 'ഭരണ നിർവ്വഹണത്തിൽ വിവരസാങ്കേതികവിദ്യയുടെ മികവ് പ്രയോജനപ്പെടുത്തുന്നതിനായി 2015-16 വാർഷിക പദ്ധതി മുതൽ പദ്ധതി നിർദ്ദേശങ്ങൾ ഓൺലൈനായി സംസ്ഥാന ആസൂത്രണ ബോർഡിൽ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുക' എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേകം തുക ചെലവഴിച്ചിട്ടില്ല. ഓൺലൈൻ പദ്ധതി നിരീക്ഷണ സംവിധാനമായ 'പ്ലാൻ സ്പേസ്' വഴിയാണ് ടി പദ്ധതി നടപ്പാക്കിയത്. കൂടാതെ വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിനുള്ള ഓൺലൈൻ സംവിധാനമായ പ്ലാൻ സ്പേസ് കേരളത്തിലെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുക എന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പുരോഗമിച്ചുവരുന്നു.

(ബി) ഇത് സംബന്ധിച്ച വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

(സി&ഡി) ഇത് സംബന്ധിച്ച വിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

പാൽ ഉൽപ്പാദനം

59 (1427) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പാൽ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞതായി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മിൽമ ശേഖരിക്കുന്നതും വിൽക്കുന്നതുമായ പാലിന്റെ അളവുകൾ തുല്യമാണോ ; വ്യത്യാസമുണ്ടെങ്കിൽ എത്രയെന്നും കാരണമെന്തെന്നും വിശദമാക്കാമോ ;

(സി) മിൽമ പാൽ വില ചാർട്ടറിൽ മാറ്റം വരുത്തുവാൻ തയ്യാറാകുമോ ;

(ഡി) അപ്കോസ് സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് അളവിന് അനുപാതികമായി പകുതി വിലക്ക് കാലിത്തീറ്റ നൽകാൻ നടപടി സ്വീകരിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly